**പോലീസ്** **വകുപ്പ്**

**കേരളം**

**No.A4(a)-42874/2016/T**

ജില്ലാ പോലീസ് ഓഫീസ്,
തിരുവനന്തപുരം റൂറൽ
sptvmrl.pol@kerala.gov.in
04712302296
തീയതി.07-12-2017

**DO NO - 846/2017 T**

വിഷയം : ശ്രീ ഷിജു വിഐ സിപിഒ 1695 (പെൻ നം 190714) - അടിസ്ഥാന ശമ്പളം നിജപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന : 1, ജിഒ(പി)നം 7/2016/ധനകാര്യം തീയതി 20-1-2016
2, എച്ച്1-24/പിആർ/2013 ടി തീയതി 24-7-2014
3, എച്ച്1-11/പിആർ/2015 ടി തീയതി 16-12-2016

ഈ യൂണിറ്റിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ ഷിജു വിഐ സിപിഒ 1695 (പെൻ നം 190714) 13900-24040 രൂപ ശമ്പള സ്കെയിലിൽ 1-12-2011 മുതൽ 15780/- രൂപയാണ് അടിസ്ഥാന ശമ്പളമായി കൈപ്പറ്റിക്കൊണ്ടിരുന്നത്. ടിയാൻറെ സേവന പുസ്തകം പരിശോധിച്ചതിൽ 8-4-2015 തീയതി മുതൽ ഡസർട്ടർ ആയി പ്രഖ്യാപിക്കുകയും തുടർന്നു 9-11-2016 തീയതിയിൽ സേവനത്തിൽ തിരികെ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ ഈ കാര്യാലയത്തിലെ 2014,2015,2016,2017 എന്നീ വർഷങ്ങളിലെ ലോങ് റോൾ പരിശോധിച്ചതിൽ ടിയാൻറെ അനേകം ലീവ് / ആബ്സൻറ് കാലയളവ് ക്രമീകരിക്കാൻ ഉള്ളതായി കാണുന്നു. ഇതിലേക്കായി നാളിതുവരെ അപേക്ഷകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

എന്നാൽ സൂചന ഒന്നു പ്രകാരം ടിയാൻ നിലവിൽ കൈപ്പറ്റികൊണ്ടിരിക്കുന്ന അടിസ്ഥാന ശമ്പളമായ 15780/- രൂപ കണക്കാക്കി ടിയാൻറെ അടിസ്ഥാന ശമ്പളം 1-7-2014 തീയതി മുതൽ പരിഷകരിക്കേണ്ടതുണ്ട്. ആയത് താഴെപറയും പ്രകാരം പരിഷകരിച്ചു ഉത്തരവാകുന്നു.

1-7-2014 തീയതിയിലെ അടിസ്ഥാന ശമ്പളം = 15780/- രൂപ
80% ഡിഎ = 12624/- രൂപ
ഫിട്മെൻറ് ബെനിഫിറ്റ് = 2000/- രൂപ (മിനിമം)
സർവീസ് വെയിറ്റേജ് = 1105/- രൂപ (14 വർഷം)
ആകെ = 31509/- രൂപ

പുതുക്കിയ ശമ്പള സ്കെയിലിലെ അടുത്ത ഘട്ടം 27800-59400 രൂപയാണ്. ഇതിൽ 1-7-2014 തീയതി മുതൽ 32300/- രൂപയായി നിജപ്പെടുത്തുന്നു.

ശ്രീ ഷിജു വിഐ സിപിഒ 1695 –ന്റെ ലീവ് കാലയളവുകൾ ക്രമീകരിച്ചതിന് ശേഷം അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന കുറ്റത്തിന് സൂചന രണ്ടു പ്രകാരം വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത പ്രഭാവമില്ലാതെയും, വീണ്ടും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന കുറ്റത്തിന് വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത പ്രഭാവതൊട്ടു കൂടിയും തടയേണ്ടതായിട്ടുണ്ട്.

06-12-2017

പി അശോക് കുമാർ ഐപിഎസ്,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ്: ശ്രീ ഷിജു വിഐ സിപിഓ 1695 ഉചിത മാർഗേന

പകർപ്പ് : അക്കൌണ്ടൻറ് ജനറൽ ( എ&ഇ ) കേരളം, തിരുവനന്തപുരം. സബ് ട്രഷറി ഓഫീസർ വെള്ളയമ്പലം, തിരുവനന്തപുരം. എഫ്3(എ) സീറ്റ് അറിവിലേക്കും തുടർനടപടിക്കുമായി, ഡിഓ ബുക്ക് & ഡിഓ രജിസ്റ്റർ

Internal Administrative Processing System
iAPS
KERALA POLICE